# കേരള വനം വകുപ്പ്
## സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ, കോട്ടയം
## ഇ- ദർഘാസ് പരസ്യം

നം: **KFDDO/33457/2025 – DFOSFKTYM/SF2**

തീയതി : **21/06/2025**

കേരള വനം വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സർക്കാർ ഉത്തരവ് ജി.ഒ (എം.എസ്) നം. **26/17**/എഫ് & ഡബ്ള്യൂ.എൽ.ഡി തീയ്യതി **20/05/2017** പ്രകാരം നിലവിൽ യോഗ്യരായ 'എ, ബി, സി' ക്ലാസ്സ് കരാറുകാരിൽ നിന്നും, താഴെ പട്ടികയിൽ വിവരിക്കുന്ന പ്രവർത്തി .നിർവ്വഹിക്കുന്നതിന് ഇ-ടെണ്ടർ മുഖേന ദർഘാസ് ക്ഷണിക്കുന്നു. ദർഘാസുകാർ വനം വകുപ്പിൽ നിലവിലുള്ളതും സർക്കാർ ഭാവിയിൽ പ്രാബല്യത്തിൽ കൊണ്ടുവരുന്നതുമായ എല്ലാ നിബന്ധനകളും, ഇതര വ്യവസ്ഥകളും പാലിക്കാൻ ബാദ്ധ്യസ്ഥരാണ്. ദർഘാസ് പ്രമാണങ്ങളും ദർഘാസ് ഷെഡ്യൂളുകളും **www.etenders.kerala.gov.in** എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ദർഘാസിനോടൊപ്പം സമർപ്പിക്കുന്നതിനുള്ള നിരതദ്രവ്യം, ദർഘാസ് പ്രമാണ വില എന്നിവ **State Bank of India** യുടെ ഇന്റർനെറ്റ് ഓൺലൈൻ ബാങ്കിംഗ് വഴിയോ മറ്റ് ബാങ്കുകളുടെ കാര്യത്തിൽ എൻ.ഇ.എഫ്.ടി വഴിയോ ഓൺലൈൻ ടെണ്ടറിനൊപ്പം സമർപ്പിക്കേണ്ടതാണ്. ദർഘാസുകൾ സമർപ്പിക്കുന്നതിന് **www.etenders.kerala.gov.in** എന്ന വെബ്സൈറ്റ് ഉപയോഗിക്കേണ്ടതാകുന്നു.

എല്ലാ ടെണ്ടർ പ്രമാണങ്ങളും **www.etenders.kerala.gov.in** എന്ന വെബ്സൈറ്റിൽ കാണിച്ചിരിക്കുന്ന ഓൺലൈൻ കവറുകളിൽ ഓൺലൈനായി മാത്രം സമർപ്പിക്കേണ്ടതാണ്. ദർഘാസുകൾ **www.etenders.kerala.gov.in** വെബ്സൈറ്റിലൂടെ ഓൺലൈനായി മാത്രമേ സ്വീകരിക്കുകയുള്ളൂ. നേരിട്ടോ തപാൽ മാർഗ്ഗമോ ലഭിക്കുന്ന ദർഘാസുകൾ ഒരു കാരണവശാലും സ്വീകരിക്കുന്നതല്ല. നിശ്ചിത സമയപരിധിക്കു ശേഷം ലഭിക്കുന്ന ടെണ്ടറുകൾ സ്വീകരിക്കുന്നതല്ല.

ഓൺലൈൻ ടെണ്ടറിനോടൊപ്പം **200/-** രൂപയുടെ കേരള സർക്കാരിന്റെ മുദ്രപത്രത്തിൽ തയ്യാറാക്കി ഒപ്പിട്ട പ്രലിമിനറി എഗ്രിമെന്റ്, സ്കാൻ ചെയ്ത കോപ്പി ഓൺലൈനായി സമർപ്പിക്കാത്തതും, അവയുടെ ഒറിജിനൽ തുറക്കുന്നതിന് മുമ്പ് സമർപ്പിക്കാത്തതുമായ ദർഘാസുകൾ നിരസിക്കപ്പെടുന്നതാണ്. ഇ – ടെണ്ടറുമായി ബന്ധപ്പെട്ട മറ്റു വിവരങ്ങൾ എൻ.ഐ.സി യിൽ നിന്നോ **www.etenders.kerala.gov.in** വെബ്സൈറ്റിൽ പറഞ്ഞിരിക്കുന്ന ഹെൽപ് ഡസ്കിൽ നിന്നോ ഈ ഓഫീസിൽ നിന്നോ ഓഫീസ് സമയത്ത് അറിയാവുന്നതാണ്. ഇ – പേയ്മെന്റിന് ആവശ്യമായ വിവരങ്ങൾ (കരാറുകാരൻ ഇടപാടു നടത്തുന്ന കോർബാങ്കിംഗ് സൗകര്യമുള്ള ബാങ്ക് അക്കൗണ്ടിന്റെ വിശദ വിവരങ്ങളും, ഇ - മെയിൽ അഡ്രസ്സും, മൊബൈൽ നമ്പറും) ദർഘാസിനോടൊപ്പം സമർപ്പിക്കേണ്ടതാണ്. ഈ വിവരങ്ങൾ ഉൾപ്പെടുത്താത്ത ദർഘാസുകൾ നിരസിക്കപ്പെടുന്നതാണ്. ടെക്നിക്കൽ ബിഡും ഫിനാൻഷ്യൽ ബിഡും അതിനായി പറഞ്ഞിരിക്കുന്ന അതാതു കവറുകളിൽ മാത്രം സമർപ്പിക്കേണ്ടതാണ്. കരാറുകാർ

വിവരങ്ങൾ അപ്ലോഡ് ചെയ്യുന്നതിലും മറ്റും ഉണ്ടാകുന്ന അസൗകര്യങ്ങൾക്കും നഷ്ടത്തിനും വനം വകുപ്പ് ഉത്തരവാദി ആയിരിക്കുന്നതല്ല.

ദർഘാസ് സ്വീകരിച്ച ശേഷം പ്രവർത്തി ലഭിച്ച കരാറുകാരൻ എഗ്രിമെന്റ് വെച്ച് ജോലി ഏറ്റെടുക്കാതെ വീഴ്ച വരുത്തിയ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പുനർ ദർഘാസ് ചെയ്യുന്നതും ഇപ്രകാരം പുനർ ദർഘാസ് മൂലം സർക്കാരിന് വരുന്ന നഷ്ടങ്ങൾക്ക് ഒറിജിനൽ കരാറുകാരൻ ഉത്തരവാദിയായിരിക്കുന്നതും അപ്രകാരം ഉണ്ടാകുന്ന നഷ്ടങ്ങൾ വീഴ്ച വരുത്തിയ കരാറുകാരന്റെ സ്ഥാവര ജംഗമ സ്വത്തുകളിൽ നിന്ന് റവന്യൂ റിക്കവറി ആക്ട് പ്രകാരം ഈടാക്കുന്നതിന് 200/- രൂപ മുദ്ര പത്രത്തിൽ ഒരു സമ്മതപത്രം എഴുതി ഒപ്പിട്ട് ദർഘാസിനോടൊപ്പം സമർപ്പിക്കേണ്ടതുമാണ്. കേരള പൊതുമരാമത്ത് വകുപ്പിലെ ദർഘാസുകളെ സംബന്ധിച്ച നിലവിലുള്ള എല്ലാ നിയമങ്ങളും ഇതിനും ബാധകമായിരിക്കും ദർഘാസിനായി പരസ്യപ്പെടുത്തിയ തീയതി ഏതെങ്കിലും കാരണത്താൽ അവധിയാകുകയാണെങ്കിൽ തൊട്ടടുത്ത പ്രവർത്തി ദിവസം അതേ സ്ഥലത്തും സമയത്തും ഒരു മുന്നറിയിപ്പും കൂടാതെ റദ്ദ് ചെയ്യുന്നതിനുള്ള പൂർണ്ണ അധികാരം താഴെ ഒപ്പിട്ടിരിക്കുന്ന അധികാരിയിൽ നിക്ഷിപ്തമാകുന്നു. ദർഘാസിനെ സംബന്ധിച്ച വിവരങ്ങൾ ചുവടെ പട്ടികയിൽ വിവരിക്കുന്നു.

**പട്ടിക**

| ദർഘാസ് നമ്പർ | റെയിഞ്ച് | പ്രവർത്തിയുടെ പേര് | ബ്ളോക്കിന്റെ പേര് | ഏകദേശ അടങ്കൽ തുക | ദർഘാസ് ഫോറത്തിന്റെ വില (0.2% +18% GST) | നിരതദ്രവ്യം 5% |
|---|---|---|---|---|---|---|
| 1/2025-26 | സോഷ്യൽ ഫോറസ്ട്രി റെയിഞ്ച്, കോട്ടയം | 2025 – 26 വർഷത്തിൽ പച്ചത്തുരുത്ത് പദ്ധതിയിൽ 25000 വിവിധയിനം ചെറിയ കൂടതൈകൾ ഉദ്പാദിപ്പിക്കുന്ന ജോലി | കടുത്തുരുത്തി വൈക്കം | 6,90,586/- | 1630/- | 34530/- |
| 2/2025 - 26 | ,, | ” | ഏറ്റുമാനൂർ ഉഴവൂർ | 6,90,586/- | 1630/- | 34530/- |
| 3/2025 - 26 | ,, | ” | മാടപ്പള്ളി പള്ളം | 6,90,586/- | 1630/- | 34530/- |

| | | | | | | |
|---|---|---|---|---|---|---|
| 4/2025 - 26 | സോഷ്യൽ ഫോറസ്ട്രി റെയിഞ്ച്, പൊൻകുന്നം | 2025 – 26 വർഷത്തിൽ പച്ചത്തുരുത്ത് പദ്ധതിയിൽ 15000 വിവിധയിനം ചെറിയ കൂടതൈകൾ ഉദ്പാദിപ്പിക്കുന്ന ജോലി | വാഴൂർ | 4,02,763/- | 951/- | 20,138/- |
| 5/2025 - 26 | ,, | ” | ളാലം | 4,02,763/- | 951/- | 20,138/- |
| 6/2025 - 26 | ,, | ” | പാമ്പാടി | 4,02,763/- | 951/- | 20,138/- |
| 7/2025 - 26 | ,, | ” | ഈരാറ്റുപേട്ട | 4,02,763/- | 951/- | 20,138/- |
| 8 /2025-26 | ,, | ” | കാഞ്ഞിരപ്പള്ളി | 4,52,201/- | 1067/- | 22,610/- |

ടെണ്ടർ ഫോം വെബ്സൈറ്റിൽ ലഭ്യമാകുന്ന തീയതി : 23/06/2025 -3.00PM
ടെണ്ടർ സ്വീകരിക്കുന്ന തീയതിയും സമയവും : 30/06/2025 -3..00 PM
ടെണ്ടർ തുറക്കുന്ന തീയതിയും സമയവും : 01/07/2025 -3.00PM

അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ
സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ, കോട്ടയം
(കേരള ഗവർണ്ണർക്കു വേണ്ടി)

## ദർഘാസ് നിബന്ധനകൾ

1. ദർഘാസ് പ്രമാണങ്ങൾ ദർഘാസ് ഷെഡ്യൂളുകളും www.etenders.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ദർഘാസിനോടൊപ്പം സമർപ്പിക്കുന്നതിനുള്ള നിരതദ്രവ്യം, ദർഘാസ് പ്രമാണ വില എന്നിവ State Bank of India യുടെ ഇന്റർനെറ്റ് ഓൺലൈൻ ബാങ്കിംഗ് വഴിയോ മറ്റ് ബാങ്കുകളുടെ കാര്യത്തിൽ എൻ.ഇ.എഫ്.ടി വഴിയോ ഓൺലൈൻ ടെണ്ടറിനൊപ്പം സമർപ്പിക്കേണ്ടതാണ്. ദർഘാസ് ഫോറത്തിന്റെ വില ഒരിക്കൽ അടച്ചത് ഒരു കാരണവശാലും മാറ്റി നൽകുന്നതോ, മറ്റ് ജോലികൾക്കുള്ള ദർഘാസ് ഫോറത്തിന്റെ വിലയിലേക്ക് മാറ്റി നൽകുകയോ ചെയ്യുന്നതല്ല.
2. ദർഘാസ് സമർപ്പിക്കുന്നതിനു മുമ്പ് കരാറുകാരൻ, ദർഘാസ് കരാർ വ്യവസ്ഥകൾ പരിശോധിക്കേണ്ടതാണ്. ടെണ്ടർ ലഭിച്ചതിനുശേഷം ഇക്കാര്യത്തിലുള്ള അജ്ഞത പിന്നീട് ഒരു കാരണവശാലും കണക്കിലെടുക്കുന്നതല്ല.
3. കരാറുകാരൻ ദർഘാസ് സമർപ്പിക്കുന്നതിനു മുമ്പ് ജോലി ചെയ്യേണ്ട സ്ഥലവും, ചെയ്യേണ്ട ജോലിയും കണ്ട് ബോദ്ധ്യപ്പെടേണ്ടതും, ഇക്കാര്യത്തിലുള്ള അജ്ഞത പിന്നീട് ഒരു കാരണവശാലും കണക്കിലെടുക്കുന്നതല്ല.
4. കരാറുകാരൻ കരാർ തുക അടിസ്ഥാന നിരക്കിന്റെ ശതമാനത്തിൽ അക്കത്തിലോ, അക്ഷരത്തിലോ, നിശ്ചിത കോളത്തിൽ രേഖപ്പെടുത്തേണ്ടതാണ്. അക്കത്തിലും അക്ഷരത്തിലും രേഖപ്പെടുത്തിയതിൽ വ്യത്യാസമുള്ള പക്ഷം കുറഞ്ഞ തുക രേഖപ്പെടുത്തിയത് കണക്കിലെടുക്കുകയും, ആയത് അംഗീകരിക്കാൻ കരാറുകാരൻ ബാദ്ധ്യസ്ഥനായിരിക്കുന്നതുമാണ്. ദർഘാസിൽ രേഖപ്പെടുത്തിയ തുക വനം വകുപ്പിന്റെ അടങ്കൽ തുകയേക്കാൾ വളരെ കുറഞ്ഞ തുകയാണെങ്കിൽ ടി തുകയ്ക്ക് ടി ജോലി ചെയ്യുവാൻ സാധിക്കുകയില്ലായെന്ന് വനം വകുപ്പിന് സംശയം ജനിക്കുകയാണെങ്കിൽ ഇക്കാര്യത്തിൽ കരാറുകാരൻ എല്ലാ ജോലികളും പൂർണ്ണമായും ഗുണനിലവാരത്തോടെ നിശ്ചിതകാലാവധിക്കുള്ളിൽ പൂർത്തിയാക്കുമെന്ന് കാണിച്ച് 200/- രൂപ മുദ്രപത്രത്തിൽ സത്യവാങ്മൂലം സമർപ്പിക്കേണ്ടതാണ്. അപ്രകാരം സത്യവാങ്മൂലം സമർപ്പിക്കുവാൻ വിസസമ്മതിക്കുന്ന പക്ഷം ദർഘാസ് നിരാകരിക്കുവാൻ വനം വകുപ്പിന് അധികാരമുള്ളതായിരിക്കും.
5. എല്ലാ ടെണ്ടർ പ്രമാണങ്ങളും www.etenders.kerala.gov.in എന്ന വെബ്സൈറ്റിൽ കാണിച്ചിരിക്കുന്ന ഓൺലൈൻ കവറുകളിൽ ഓൺലൈനായി മാത്രം സമർപ്പിക്കേണ്ടതാണ്. ദർഘാസുകൾ www.etenders.kerala.gov.in വെബ്സൈറ്റിലൂടെ ഓൺലൈനായി മാത്രമേ സ്വീകരിക്കുകയുള്ളൂ. നേരിട്ടോ തപാൽ മാർഗ്ഗമോ ലഭിക്കുന്ന ദർഘാസുകൾ ഒരു കാരണവശാലും സ്വീകരിക്കുന്നതല്ല. നിശ്ചിത സമയപരിധിക്കുശേഷം ലഭിക്കുന്ന ടെണ്ടറുകൾ സ്വീകരിക്കുന്നതല്ല.
6. നിശ്ചിത സമയപരിധിയ്ക്കകം ലഭിക്കാത്ത ദർഘാസുകൾ ഒരു കാരണവശാലും സ്വീകരിക്കുന്നതല്ല.

7. ദർഘാസിനോടൊപ്പം സമർപ്പിക്കുന്നതിനുള്ള നിരതദ്രവ്യം State Bank of India യുടെ ഇന്റർനെറ്റ് ഓൺലൈൻ ബാങ്കിംഗ് വഴിയോ മറ്റ് ബാങ്കുകളുടെ കാര്യത്തിൽ എൻ.ഇ.എഫ്.ടി വഴിയോ ഓൺലൈൻ ടെണ്ടറിനൊപ്പം സമർപ്പിക്കേണ്ടതാണ്.
8. നിശ്ചിത സമയപരിധിയ്ക്കുള്ളിൽ ലഭിച്ച ദർഘാസുകൾ നിശ്ചിത സമയത്ത് അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററോ, അദ്ദേഹം അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ, ഹാജരായിട്ടുള്ള കരാറുകാരുടെ സാന്നിദ്ധ്യത്തിൽ തുറന്ന് പരിശോധിയ്ക്കേണ്ടതാണ്.
9. സാധാരണയായി കുറവ് തുക രേഖപ്പെടുത്തിയ ദർഘാസ് സ്വീകരിക്കുന്നതായിരിക്കും. എന്നാൽ ഏത് ദർഘാസ് സ്വീകരിക്കുവാനോ, നിരാകരിക്കുവാനോ ഉള്ള അധികാരം ദർഘാസ് അംഗീകരിക്കുന്ന ഉദ്യോഗസ്ഥന് ഉണ്ടായിരിക്കുന്നതാണ്.
10. ദർഘാസ് സമർപ്പിച്ചതിനുശേഷം അത് പിൻവലിക്കുവാൻ കരാറുകാരന് അവകാശം ഉണ്ടായിരിക്കുന്നതല്ല.
11. കരാർ അംഗീകരിച്ച വിവരം വിജയിയായ കരാറുകാരന്റെ വിലാസത്തിൽ അറിയിക്കുന്നതും, ആയത് ലഭിച്ച് 3 ദിവസത്തിനകം അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ നിഷ്കർഷിക്കുന്ന തുകയുടെ മുദ്രപത്രത്തിൽ കരാർ ഒപ്പിടേണ്ടതുമാണ്. ആയതിൽ വീഴ്ച വരുത്തുന്ന പക്ഷം, കരാറുകാർ സമർപ്പിച്ച നിരതദ്രവ്യം സർക്കാരിലേയ്ക്ക് കണ്ടു കെട്ടുന്നതും, ടി ജോലി കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പുനഃദർഘാസ് ചെയ്യുകയോ, രണ്ടാമത്തെ ദർഘാസുകാരന് ജോലി നൽകുകയോ, മറ്റ് വിധത്തിൽ ജോലി ചെയ്യുകയോ, ചെയ്യുന്നതാണ്. ആയത് മൂലം സർക്കാരിലേയ്ക്ക് ഉണ്ടാകുന്ന നഷ്ടം നികത്തുവാൻ കരാറുകാരൻ ബാദ്ധ്യസ്ഥനാകുന്നതും അല്ലാത്തപക്ഷം കരാറുകാരന്റെ സ്ഥാവരജംഗമ വസ്തുക്കളിൽ നിന്നും, റവന്യൂ റിക്കവറി നിയമപ്രകാരം ഈടാക്കുന്നതുമായിരിക്കും.
12. വിജയിയാകുന്ന കരാറുകാരൻ കരാർ തുകയുടെ 5% പരമാവധി 500000/- (അഞ്ച് ലക്ഷം രൂപ) സെക്യൂരിറ്റി അടയ്ക്കേണ്ടതാണ്. ടി സെക്യൂരിറ്റി തുക കരാർ ജോലി അവസാനിച്ച് കരാറുകാരന്റെ ബാദ്ധ്യത തിട്ടപ്പെടുത്തിയതിനുശേഷം മാത്രം തിരികെ നൽകുന്നതായിരുക്കും.
13. കരാറുകാരൻ സോൾവൻസി നടത്തിയിട്ടുള്ള വസ്തുക്കൾ കരാർ കാലാവധിയിൽ അന്യാധീനപ്പടുത്തുവാൻ പാടുള്ളതല്ല. ഇക്കാര്യത്തിൽ ആവശ്യമായ സമ്മതപത്രം കരാർ ഒപ്പിടുന്ന സമയത്ത് നൽകേണ്ടതാണ്.
14. ദർഘാസ് തുറന്നതിനുശേഷം ലഭിക്കുന്ന യാതൊരു വാഗ്ദാനങ്ങളും സ്വീകരിക്കുന്നതല്ല.
15. കരാർ ലഭിക്കാത്ത കരാറുകാരുടെ നിരതദ്രവ്യം വിജയിയായ കരാറുകാരന്റെ ദർഘാസ് സ്ഥിരപ്പെടുത്തിയതിനുശേഷം തിരികെ നൽകുന്നതാണ്.
16. പട്ടികയിൽ കാണിച്ചിട്ടുള്ള ജോലിയുടെ അളവ് ഏകദേശം മാത്രമാണ്. നടപ്പിലാക്കുന്ന സമയത്ത് അളവിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാകുന്നതാണ്.

യഥാർത്ഥ അളവിലുള്ള ജോലി ചെയ്യുവാൻ കരാറുകാരൻ ബാദ്ധ്യസ്ഥനായിരിക്കും.

17. കരാർ പ്രകാരമുള്ള തുക ജോലി പൂർത്തിയാക്കിയതിനുശേഷം നൽകുന്നതാണ്.
18. മുകളിൽ പറഞ്ഞ ജോലികൾ 2025 നവംബർ മാസം 30 ന് പൂർത്തിയാക്കേണ്ടതാണ്. ആയതിനുശേഷം ഒരു കാരണവശാലും സമയം നീട്ടി നൽകുന്നതല്ല. ജോലി തുടങ്ങുന്ന തീയതി മാറ്റം വരുത്തുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.
19. അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ നിശ്ചയിക്കുന്ന സ്ഥലത്ത് നിഷ്കർഷിക്കുന്ന ഇനം തൈകൾ ഉദ്പാദിപ്പിക്കുവാൻ കരാറുകാരൻ ബാദ്ധ്യസ്ഥനായിരിക്കും.

കൂടുതൽ വിവരങ്ങൾ കോട്ടയം സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററുടെ കാര്യാലയത്തിൽ നിന്നും (ഫോൺ : 0481 -2310412) പ്രവർത്തി ദിവസങ്ങളിൽ പ്രവർത്തി സമയത്ത് ലഭ്യമാണ്.

അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ
സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ, കോട്ടയം
(കേരള ഗവർണ്ണർക്കു വേണ്ടി)